# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **T 1699** **21/1/2014** ൽ മറുപടിയ്ക്ക്

# റബ്ബർ വിലയിടിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| കേരളത്തിലെ റബ്ബർ കർഷകരെ സാരമായി ബാധിക്കുന്ന റബ്ബർ വിലയിടിവ് പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | റബ്ബർ വ്യാവസായിക പ്രാധാന്യമുള്ള ഒരു ഉല്പന്നമാണ്. ഇതിന്റെ വില അന്താരാഷ്ട്ര വിലയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. റബ്ബർ വിലയിടിവ് നേരിടാൻ കേന്ദ്രസർക്കാരിന്റെ ഇടപെടൽ ആവശ്യമാണ് എന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് പല പ്രാവശ്യമായി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. താഴെപ്പറയുന്ന കാര്യങ്ങൾ പ്രധാനമായും നടപ്പിലാക്കണമെന്ന് ബഹു. പ്രധാനമന്ത്രി, കേന്ദ്ര ധനമന്ത്രി, കേന്ദ്ര വാണിജ്യ വകുപ്പ് മന്ത്രി എന്നിവരോട് ആവശ്യപ്പെടുകയുണ്ടായി.<br>1. റബ്ബറിന്റെ ഇറക്കുമതിക്ക് മുമ്പുണ്ടായിരുന്ന തുറമുഖ നിയന്ത്രണങ്ങൾ പുനഃസ്ഥാപിക്കണം.<br>2. സ്വാഭാവിക റബ്ബറിന്റെ എല്ലാ ഗ്രേഡിലുമുള്ള ഇറക്കുമതി തീരുവ ഇപ്പോൾ റബ്ബർ ലാറ്റക്സ് തീരുവയായ 70% ത്തിനോടൊപ്പമാക്കി നിജ പ്പെടുത്തണം |

3. സ്വാഭാവിക റബ്ബറിന്റെ കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ ഇതിന് കയറ്റുമതി സബ്സിഡി ഏർപ്പെടുത്തണം.

**സെക്ഷൻ ഓഫീസർ**